DESPATCHED
On. 04/04/22

2/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 58(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 1359/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

## സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 2**

ശ്രീമതി സജീല,
റോഡരികത്ത് വീട്,
മൂന്നാംകല്ല്,
പറണ്ടോട് – 695 542. — അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട്,
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെടുമങ്ങാട്,തിരുവനന്തപുരം.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എസ്.എച്ച്.ഒ.,
ആര്യനാട് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം
3) അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ (റൂറൽ)കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 18/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 30/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി സജീല, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം നെടുമങ്ങാട് ഡി.വൈ.എസ്.പി. ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക്

പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാത്തതിനെ തുടർന്ന് അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും യാതൊരുവിധ മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമാക്കാൻ കഴിയുന്ന ചോദ്യത്തിന് മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. നെടുമങ്ങാട് ഡി.വൈ.എസ്.പി. ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) നെടുമങ്ങാട് ഡി.വൈ.എസ്.പി. സ്റ്റേഷനിൽ ജി.ഡി. ബുക്ക് ഉണ്ടോ എന്നും
2) ടി സ്റ്റേഷനിൽ ഓരോ ദിവസവും വരുന്ന പരാതികൾ/കേസുകൾ അതാത് തീയതികളിൽ തന്നെ കൃത്യമായി ജി.ഡി.യിലോ മറ്റേതെങ്കിലും രജിസ്റ്ററിലോ രേഖപ്പെടുത്താറുണ്ടോ എന്നും
3) 1.7.2019-ൽ (RL 115967756 IN) പ്രകാരം ടി ഓഫീസിൽ രജിസ്റ്റേർഡ് ആയി അയച്ചു തന്ന പരാതിയുടെ കോപ്പി നൽകണമെന്നും
4) 1.7.2019-ൽ (RL 115967756 IN) പ്രകാരം അയച്ചു തന്ന പരാതി ജി.ഡി.യിലോ മറ്റേതെങ്കിലും രജിസ്റ്ററിലോ രേഖപ്പെടുത്തിയതിന്റെ കോപ്പി തീയതി ഉൾപ്പെടെ നൽകണമെന്നും
5) 1.7.2019-ൽ (RL 115967756 IN) പ്രകാരം അയച്ചു തന്ന പരാതി ജി.ഡി.യിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കണമെന്നും മറ്റുമായി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 06.11.2021 തീയതി മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപേക്ഷയിലെ 6, 7, 8, 9, 10, 11, 12, 13, 14, 15 എന്നീ ഇനങ്ങൾക്ക് വിവരങ്ങൾ ആര്യനാട് പോലീസ് സ്റ്റേഷനിൽ നിന്നും, കാട്ടാക്കട ഡി.വൈ.എസ്.പി. ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണെന്നാണ് മറുപടി നൽകിയതെന്നും എന്നാൽ നാളിതുവരെ യാതൊരു മറുപടിയും ടി എതിർകക്ഷികൾ ലഭ്യമാക്കിയിട്ടില്ലെന്നുമാണ്. മേൽപ്പടി അപേക്ഷയ്ക്ക് 15.2.2022 തീയതി മൂന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ടിയാൻ നൽകിയ അപ്പീൽ അപേക്ഷ 9.11.2021 തീയതി ഓഫീസിൽ ലഭിക്കുകയും, ടി ഓഫീസിൽ നിന്ന് കാട്ടാക്കട ഡി.വൈ.എസ്.പി. ഓഫീസിലെ എസ്.പി.ഐ.ഒ., ആര്യനാട് പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ. എന്നിവർക്ക് ടി അപ്പീൽ അപേക്ഷ അയച്ചു കൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ആയത് പ്രകാരം ആര്യനാട് പോലീസ് സ്റ്റേഷനിൽ

നിന്നും കാട്ടാക്കട ഡി.വൈ.എസ്.പി. ൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണെന്നും ആയതുപ്രകാരം അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്.

4. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി സജീല 24.9.2021 തീയതി നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സുപ്രണ്ടിനു നൽകിയ അപേക്ഷയിൽ നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സുപ്രണ്ട് 11.10.2021 തീയതി അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിലെ ചോദ്യം 6, 7, 8, 9, 10 എന്നിവയുടെ വിവരം ആര്യനാട് പോലീസ് സ്റ്റേഷനിൽ നിന്നും 14, 15 എന്നിവയ്ക്കുള്ള വിവരം കാട്ടാക്കട ഡി.വൈ.എസ്.പി.യിൽ നിന്നും ലഭ്യമാണെന്നാണ് മറുപടി നൽകിയെങ്കിലും ആയത് ലഭിച്ചില്ലെന്ന് ആരോപിച്ച് 9.11.2021-ന് ടി ഓഫീസിൽ അപ്പീൽ അപേക്ഷ നൽകിയിരുന്നു എന്നും ആയതിൽ ടി ഓഫീസിൽ നിന്നും കാട്ടാക്കട ഡി.വൈ.എസ്.പി. ആഫീസ്, ആര്യനാട് പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ എസ്.പി.ഐ.ഒ. മാരോട് 14.11.2021 -ന് ടി അപ്പീൽ അപേക്ഷ അയച്ചു നൽകി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും, എസ്.പി.ഐ.ഒ. കാട്ടാക്കട ഡി.വൈ.എസ്.പി. ആഫീസ്, ആര്യനാട് പി.എസ്. എന്നിവരിൽ നിന്നും യഥാക്രമം 8.2.2022, 09.02.2022 തീയതികളിൽ റിപ്പോർട്ട് ലഭിച്ചിരുന്നതുമാണെന്നും 24.9.2021 തീയതിയിലെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും അപ്പീൽ അധികാരി ടി ഓഫീസിൽ നിന്നും 15.2.2022 -ന് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിലെ 6, 7, 8, 9, 10, 11, 12, 13, 14, 15 എന്നീ ഇനങ്ങൾക്ക് ഐ.എസ്.എച്ച്.ഒ. ആര്യനാട്, ഡി.വൈ.എസ്.പി. കാട്ടാക്കട എന്നീ അധികാര സ്ഥാനങ്ങളിൽ നിന്നാണ് മറുപടി നൽകേണ്ടിയിരുന്നത് എന്ന് കാണുന്നു. ഹർജിക്കാരി 6.11.2021-ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് തീർപ്പാക്കി 15.2.2022-നാണ് മൂന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. വിവരാവകാശ നിയമപ്രകാരം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിനുള്ള വിശദീകരണം മൂന്നാം എതിർകക്ഷി 20.4.2022-നകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

6. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ബോധിപ്പിച്ചത്, ടിയാളുടെ 6.11.2021-ലെ അപ്പീൽ അപേക്ഷയ്ക്ക് യാതൊരു മറുപടിയും മൂന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്നാണ്. എന്നാൽ കമ്മീഷൻ നിർദ്ദേശത്തെ തുടർന്ന് അപേക്ഷയിലെ 6, 7, 8, 9, 10, 14, 15 എന്നീ ഇനങ്ങൾക്ക് ആര്യനാട്

എസ്.എച്ച്.ഒ., കാട്ടാക്കട ഡി.വൈ.എസ്.പി. എന്നിവരിൽ നിന്നും വിവരം ലഭ്യമാക്കി മൂന്നാം എതിർകക്ഷി 15.2.2022-ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 2-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★